22
2025
മേയ്
വ്യാഴം
ഇടവം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.145 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-145 | പേജ് 4. വില 2.00 രൂപ

02 ഐ.കെ.ജി.എസ്: നിക്ഷേപ പദ്ധതികൾ യാഥാർത്ഥ്യത്തിലേക്ക്

03 സംസ്ഥാനം കടക്കെണിയിലെന്നത് യാതൊരു ബന്ധവുമില്ലാത്ത ആക്ഷേപം

04 സിസ തോമസിനോട് സർക്കാരിന് വിരോധമെന്തിനെന്ന് ഹൈക്കോടതി

# മേയിൽ റിപ്പോർട്ട് ചെയ്തത് 182 കോവിഡ് കേസുകൾ

## രോഗലക്ഷണമുള്ളവർ മാസ്ക് ധരിക്കണം: മന്ത്രി



തിരുവനന്തപുരം: കേരളത്തിലും കോവിഡ് വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ് നിർദേശം. ജലദോഷം, തൊണ്ടവേദന, ചുമ, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്നും മന്ത്രി അറിയിച്ചു.

ഇവിടങ്ങളിൽ പകരുന്ന ഒമിക്രോൺ ജെഎൻ 1 വകഭേദങ്ങളായ എൽഎഫ് 7, എൻബി 1.8 എന്നിവയ്ക്ക് രോഗ വ്യാപന ശേഷി കൂടുതലാണ്. എന്നാൽ തീവ്രത കൂടുതലല്ല. സ്വയം പ്രതിരോധം പ്രധാനമാണ്. പ്രായമായവരും, ഗർഭിണികളും, ഗുരുതര രോഗമുള്ളവരും പൊതുയിടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കുന്നത് അഭികാമ്യമാണ്. ആശുപത്രികളിൽ മാസ്ക് നിർബന്ധമാണ്.

ആരോഗ്യ പ്രവർത്തകർ മാസ്ക് നിർബന്ധമാക്കണം. അനാവശ്യ ആശുപത്രി സന്ദർശനം ഒഴിവാക്കണം. ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നത് നല്ലത്. എവിടെയാണോ ചികിത്സിക്കുന്നത് ആ ആശുപത്രിയിൽ തന്നെ പ്രോട്ടോകോൾ പാലിച്ച് ചികിത്സ ഉറപ്പാക്കണം. ചില സ്വകാര്യ ആശുപത്രികൾ കോവിഡ് ആണെന്ന് കാണുമ്പോൾ റെഫർ ചെയ്യുന്നത് ശരിയല്ലെന്നും മന്ത്രി വ്യക്തമാക്കി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. 182 കോവിഡ് കേസുകളാണ് മേയ് മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോട്ടയം ജില്ലയിൽ 57 കേസുകളും എറണാകുളത്ത് 34 കേസുകളും തിരുവനന്തപുരത്ത് 30 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രോഗലക്ഷണമുള്ളവർക്ക് കോവിഡ് പരിശോധന നടത്താൻ നിർദേശം നൽകിയിട്ടുണ്ട്. ആർടിപിസിആർ കിറ്റുകളും മറ്റ് സുരക്ഷാ ഉപകരണങ്ങളും ഉറപ്പാക്കാനും നിർദേശം നൽകി.

നിപ പ്രതിരോധ പ്രവർത്തനം പ്രത്യേകമായി യോഗം ചർച്ച ചെയ്തു. പ്രോട്ടോകോൾ പാലിച്ച് കൺട്രോൾ റൂം പ്രവർത്തനങ്ങൾ തുടരാൻ നിർദേശം നൽകി. രോഗവ്യാപനം ഇല്ലാത്തതിനാലും കണ്ടൈൻമെന്റ് സോൺ പിൻവലിക്കാവുന്നതാണെന്ന് യോഗം വിലയിരുത്തി.

മഴക്കാലം വരുന്നതിനാൽ സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധിക്കണം. ഇടവിട്ട് മഴ പെയ്യാൻ സാധ്യതയുള്ളതിനാൽ ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. തദ്ദേശ സ്ഥാപനങ്ങൾ കൃത്യമായ കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തണം.

ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ശക്തമാക്കണം. പൊതുജനാരോഗ്യ നിയമ പ്രകാരം സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ രോഗങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ തദ്ദേശ സ്ഥാപനത്തിലും ആക്ഷൻ പ്ലാൻ ഉണ്ടാകണം. മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും ഈ മാസം അവസാനത്തിനുള്ളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയെന്ന് ഉറപ്പാക്കണം. മലിനമായ വെള്ളം കാരണം ജലജന്യ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കേണ്ടതാണ്. കോളറ, മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ) എന്നീ രോഗങ്ങൾക്കെതിരേയും ജാഗ്രത പാലിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ഛത്തീസ്ഗഡിൽ ഏറ്റുമുട്ടൽ; 26 മാവോയിസ്റ്റുകളെ വധിച്ചു

നാരായൺപുർ: ഛത്തീസ്ഗഡിലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന 26 മാവോയിസ്റ്റുകളെ വധിച്ചു. നാരായൺപുർ, ബിജാപ്പുർ ജില്ലകളിലാണ് ഏറ്റുമുട്ടലുണ്ടായത്.

മാവോയിസ്റ്റുകൾ ഒളിച്ചിരിക്കുന്നുവെന്ന രഹസ്യവിവരത്തെ തുടർന്ന് ഇന്ന് രാവിലെ ജില്ലാ റിസർവ് ഗാർഡ് പരിശോധന നടത്തുന്നതിനിടെ മാവോയിസ്റ്റുകൾ വെടിയുതിർക്കുകയായിരുന്നു. തുടർന്നാണ് ഇത് ഏറ്റുമുട്ടലിൽ കലാശിച്ചത്.

അഞ്ച് മണിക്കൂറോളം ഏറ്റുമുട്ടൽ തുടർന്നു. ഏറ്റുമുട്ടലിൽ മുതിർന്ന മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതായാണ് വിവരം.

## നെടുമങ്ങാട് മദ്യലഹരിയിൽ അമ്മയെ മകൻ ചവിട്ടിക്കൊലപ്പെടുത്തി

തിരുവനന്തപുരം നെടുമങ്ങാട് തേക്കടയിൽ അമ്മയെ മകൻ ചവിട്ടിക്കൊലപ്പെടുത്തി. തേക്കട സ്വദേശിനി ഓമന (85) ആണ് മരിച്ചത്. സംഭവത്തിൽ ഇവരുടെ മകൻ മണികണ്ഠനെ പോലീസ് കസ്റ്റഡിയിലെടുത്തു.

വട്ടപ്പാറ പോലീസ് ആണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. ചൊവ്വാഴ്ച രാത്രി പത്തരയോടെയാണ് സംഭവം.

മദ്യലഹരിയിൽ മണികണ്ഠൻ ഓമനയെ ചവിട്ടുകയും ക്രൂരമായി മർദിക്കുകയുമായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഇവരെ മെഡിക്കൽ കോളജിൽ എത്തിച്ചെങ്കിലും രാത്രിയോടെ മരിച്ചു. ചവിട്ടേറ്റ് ഓമനയുടെ ശരീരത്തിന്റെ വിവിധയിടങ്ങളിൽ എല്ലുകൾ പൊട്ടിയ നിലയിലായിരുന്നു. നേരത്തെയും ഇയാൾ അമ്മയെ മർദിച്ചിരുന്നതായി നാട്ടുകാർ പോലീസിനോട് പറഞ്ഞു.

## കൊല്ലത്ത് യുവാവിനെ കുത്തിക്കൊലപ്പെടുത്തി; മൂന്ന് പേർ കസ്റ്റഡിയിൽ

കൊല്ലം: ചിതറയിൽ യുവാവിനെ കുത്തിക്കൊലപ്പെടുത്തി. ചിതറ സ്വദേശി സുജിൻ(29) ആണ് കൊല്ലപ്പെട്ടത്. തുമ്പമൺതൊടി കാരറക്കുന്നിന് സമീപമാണ് സംഭവം. സുജിനൊപ്പം ഉണ്ടായിരുന്ന സുഹൃത്ത് അനന്ദുവിനും കുത്തേറ്റു.

ഇയാളുടെ പരിക്ക് ഗുരുതരമല്ല. രണ്ട് പേരെയും ആദ്യം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു. എന്നാൽ വയറിന് കുത്തേറ്റ സുജിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ചൊവ്വാഴ്ച രാത്രി 11ഓടെയാണ് അഞ്ചംഗ സംഘം ഇരുവരെയും ആക്രമിച്ചത്. മുൻവൈരാഗ്യമാണ് ആക്രമണത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്നാണ് സൂചന.

## ഷഹബാസ് വധക്കേസ്; പ്രതികളുടെ എസ്എസ്എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: താമരശേരിയിൽ പത്താംക്ലാസ് വിദ്യാർഥി ഷഹബാസിനെ മർദിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതികളായ വിദ്യാർഥികളുടെ എസ്എസ്എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ആറ് വിദ്യാർഥികളുടെ ഫലമാണ് പ്രസിദ്ധീകരിച്ചത്.

ഹൈക്കോടതി നിർദേശപ്രകാരമാണ് നടപടി. ഫലം പ്രസിദ്ധീകരിച്ചില്ലെങ്കിൽ അനാസ്ഥയായി കണക്കാക്കുമെന്ന് കോടതി പറഞ്ഞിരുന്നു. പരീക്ഷയെഴുതാൻ അനുവദിച്ചശേഷം ഫലം തടഞ്ഞത് എന്ത് അധികാരത്തിലാണെന്നും ജസ്റ്റീസ് ബെച്ചു കുര്യൻ തോമസ് ചോദിച്ചിരുന്നു.

കുറ്റകൃത്യവും പരീക്ഷയും തമ്മിൽ ബന്ധമില്ലെന്നും ഫലം പുറത്തുവിടാത്തത് അംഗീകരിക്കാനാകില്ലെന്നും കോടതി പറഞ്ഞു. കേസിൽ പ്രതികളായ വിദ്യാർഥികൾക്ക് തുടർപഠനത്തിന് അവസരം ലഭിക്കും.

## ആന്റണി പെരുമ്പാവൂരിന്റെ വീട്ടിൽ മോഹൻലാലിനു പിറന്നാൾ ആഘോഷം

മോഹൻലാലിന്റെ പിറന്നാൾ ആഘോഷമാക്കി ആന്റണി പെരുമ്പാവൂരും കുടുംബവും. ആന്റണിയുടെ വീട്ടിൽവച്ചായിരുന്നു പിറന്നാൾ ആഘോഷം സംഘടിപ്പിച്ചത്. ആന്റണിയുടെ ഭാര്യ ശാന്തി, മക്കളായ അനിഷ, ആശിഷ് എന്നിവരും ഒപ്പമുണ്ടായിരുന്നു. അനിഷയുടെ ഭർത്താവിന്റെ മാതാപിതാക്കളായ ഡോ. വിൻസന്റിനെയും ഭാര്യ സിന്ധുവിനെയും ചിത്രങ്ങളിൽ കാണാം. ചിത്രങ്ങൾക്കൊപ്പം എമ്പുരാൻ ലൊക്കേഷനിൽ നിന്നുള്ള സ്പെഷൽ ഫോട്ടോയും ആന്റണി പങ്കുവച്ചിട്ടുണ്ട്. അമേരിക്കയിൽ വച്ചെടുത്ത ചിത്രമാണിത്.

അതേസമയം പിറന്നാൾ ആഘോഷത്തിനുശേഷം മോഹൻലാൽ വിദേശത്തേക്കു പോകുമെന്ന് റിപ്പോർട്ടുണ്ട്. ആന്റണി പെരുമ്പാവൂർ നിർമിക്കുന്ന സത്യൻ അന്തിക്കാട് ചിത്രമായ 'ഹൃദയപൂർവ'ത്തിന്റെ ചിത്രീകരണം കഴിഞ്ഞ ദിവസം പൂർത്തിയായിരുന്നു. മോഹൻലാലും സത്യൻ അന്തിക്കാടും ഒന്നിക്കുന്ന ഇരുപതാമത്തെ ചിത്രമാണ് 'ഹൃദയപൂർവം'. സത്യൻ അന്തിക്കാടിന്റെ മക്കളായ അഖിൽ സത്യനും അനൂപ് സത്യനും ഈ ചിത്രത്തിൽ അദ്ദേഹത്തിനൊപ്പം പ്രവർത്തിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. ലാലു അലക്സ്, സംഗീത് പ്രതാപ്, സംഗീത സിദ്ദിഖ്, ബാബുരാജ്, സബിതാ ആനന്ദ് തുടങ്ങിയവരാണ് ഹൃദയപൂർവത്തിലെ മറ്റുപ്രധാനതാരങ്ങൾ. അഖിൽ സത്യന്റേതാണ് കഥ. നവാഗതനായ ടി.പി. സോനു തിരക്കഥ ഒരുക്കുന്നു.






# ഐ.കെ.ജി.എസ്: നിക്ഷേപ പദ്ധതികൾ യാഥാർത്ഥ്യത്തിലേക്ക്; 1211 കോടിയുടെ 4 പദ്ധതികൾക്ക് തുടക്കമായി; 8 പദ്ധതികൾ കൂടി തുടങ്ങും

തിരുവനന്തപുരം: സംസ്ഥാന സർക്കാർ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ താൽപര്യപത്രം ഒപ്പുവച്ച 4 നിക്ഷേപ പദ്ധതികൾക്ക് ആരംഭം കുറിച്ചതായി വ്യവസായ മന്ത്രി പി. രാജീവ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 1211 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്കാണ് തുടക്കമായത്. 2675 കോടിയുടെ 8 പദ്ധതികൾക്ക് മെയ് മാസം തന്നെ തറക്കല്ലിടും. നിക്ഷേപക സംഗമത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ആണിവ.

ജോയ് ആലുക്കാസ് ഗ്രൂപ്പിൻറെ റസിഡൻഷ്യൽ അപ്പാർട്ട്മെൻറ് ആൻറ് ഹോസ്പിറ്റൽ (300 കോടി), പോസിറ്റീവ് ചിപ്പ് ബോർഡ്സ് (51 കോടി), എം. എസ് വുഡ് അലയൻസ് പാർക്ക് (60 കോടി), ഡൈനിമേറ്റഡ് (800 കോടി) എന്നീ പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. 8 പദ്ധതികൾ കൂടി മെയ് മാസത്തിൽ നിർമ്മാണം ആരംഭിക്കും. കല്യാൺ സിൽക്സ്, അത്താച്ചി, സതർലാൻറ്, ഗാഷ സ്റ്റീൽസ്, കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഡെൽറ്റ അഗ്രഗേറ്റ്സ് ഇൻഡസ്ട്രിയൽ പാർക്ക്, ഇന്ദ്രപ്രസ്ഥ, ജിയോജിത് എന്നിവർ താൽപര്യപത്രം ഒപ്പു വച്ച 2675 കോടി രൂപയുടെ പദ്ധതികൾ മെയ് മാസത്തിൽ തന്നെ ആരംഭിക്കും. ജൂണിൽ 1117 കോടി രൂപയുടെ പദ്ധതികൾക്കും തുടക്കമാകും. ബ്ലൂസ്റ്റാർ, അവിഗ്ന, എയർപോർട്ട് ഗോൾഫ് വ്യൂ ഹോട്ടൽ, കെ ബോർഡ് റബ്ബർ, കൃഷ്ണ കല മെഡിക്കൽ സയൻസസ് എന്നിവരുടെ പദ്ധതികളാണ് ജൂണിൽ ആരംഭിക്കുന്നത്. ലൈഫ് സയൻസ് പാർക്കിലെ 60 ഏക്കറിൽ ജിനോം സിറ്റി മാതൃകയിൽ ജെ.വി വെഞ്ച്വേഴ്സ് 3800 കോടി രൂപ ബയോ മാനുഫായ്ചറിംഗ് മേഖലയിൽ നിക്ഷേപിക്കുന്ന പദ്ധതിയും ഉടനെ ആരംഭിക്കും. തോന്നക്കൽ കിൻഫ്ര പാർക്ക് ഈ മാസവും യൂണിറ്റി മാൾ നവംബറിലും ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.ഇതിന് പുറമേ ബ്ലൂസ്റ്റാർ റിയാൽട്ടേഴ്സ്, അൽഹിന്ദ്, എയർ പോർട്ട് ഗോൾഫ് വ്യൂ ഹോട്ടൽസ്, എസ്. എഫ്. ഒ ടെക്നോളജീസ്, കന്യോ ഹെൽത്ത്, അക്കോസ, ബി.എം.എച്ച് കെയർ ഹോസ്പിറ്റൽ, കൃഷ്ണകല ഹോസ്പിറ്റൽ, ഫ്യൂച്ചറിസ് ബൊത്തിക് ഹോസ്പിറ്റൽ തുടങ്ങിയവർ പ്രഖ്യാപിച്ച പദ്ധതികൾ വരും മാസങ്ങളിൽ തുടങ്ങും. പ്രധാന പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യവസായ മന്ത്രി നേരിട്ട് സന്ദർശിച്ച് വിലയിരുത്തും.

ഐ.കെ.ജി.എസിൽ പ്രഖ്യാപിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് നയപരമായി എടുക്കേണ്ട തീരുമാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് ജൂണിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗംചേരും. നിക്ഷേപ താൽപര്യപത്രങ്ങളുടെ തത്സമയ ട്രാക്കിംഗിനായി വെബ്പോർട്ടൽ രൂപകൽപന ചെയ്ത് കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തിരുന്നു. നിക്ഷേപകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് 5 ഘട്ടങ്ങളുള്ള എസ്കലേഷൻ പ്രോട്ടോക്കോളും തയ്യാറാക്കിയിട്ടുണ്ട്.

ഇതുവരെ 450 ലധികം കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. 4.80 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയാണ് നിർദ്ദേശങ്ങളിലുള്ളത്. ഐ.ടി.-ഐ.ടി അനുബന്ധ മേഖലകളിലായി 29 കമ്പനികൾ 9,300 കോടി രൂപയുടെ നിക്ഷേപ താൽപര്യം അറിയിച്ചിട്ടുണ്ട്.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലെ നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉപദേശക സമിതി രൂപീകരിച്ചു. സംസ്ഥാന സർക്കാർ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉന്നതതല ഉപദേശക സമിതിക്ക് രൂപം നൽകി. നിക്ഷേപ വാഗ്ദാനങ്ങളുടെ വലിപ്പവും മേഖലകളുടെ വൈവിധ്യവും സാമ്പത്തിക പ്രാധാന്യവും വിലയിരുത്തി ഇവ സമയബന്ധിതമായി പൂർത്തിയാക്കുകയാണ് ഉപദേശക സമിതിയുടെ ലക്ഷ്യമെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

നിക്ഷേപ പദ്ധതികൾക്ക് സർക്കാർ തലത്തിൽ എല്ലാ സഹായവും നൽകുക, ചുവപ്പുനാടയിൽ കുടുങ്ങാതെ ആവശ്യമായ അനുമതികൾ ലഭ്യമാക്കുക, കാലതാമസം ഇല്ലാതെ പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ യാഥാർത്ഥ്യമാക്കുക തുടങ്ങിയവയാണ് സമിതിയുടെ ചുമതല. വ്യവസായ മന്ത്രി പി രാജീവാണ് സമിതി അധ്യക്ഷൻ. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനും കെഎസ്ഐഡിസി മാനേജിങ്ങ് ഡയറക്ടർ കൺവീനറുമാണ്. സമിതിയിലെ മറ്റ് അംഗങ്ങൾ: ചെയർമാൻ, സിഐഐ - കേരളം, ചെയർമാൻ, ഫിക്കി - കേരളം, ചെയർമാൻ, കെഎസ്എസ്ഐഎ - കേരളം, സി ബാലഗോപാൽ , കെഎസ്ഐഡിസി ചെയർമാൻ, അജു ജേക്കബ്, എംഡി - സിന്തൈറ്റ് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, സി ജെ ജോർജ്, സി എം ഡി ജിയോജിത്ത് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, വി കെ മാത്യൂസ്, ചെയർമാൻ ഐബിഎസ് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, വ്യാപാര-വ്യവസായ ഡയറക്ട്രേറ്റ് ഡയറക്ടർ, കിൻഫ്ര മാനേജിങ്ങ് ഡയറക്ടർ.

ഉപദേശക സമിതി കൃത്യമായ ഇടവേളകളിൽ നിക്ഷേപ പദ്ധതികളുടെ പുരോഗതി വിലയിരുത്തും. പദ്ധതി നിർവ്വഹണത്തിൻറെ എല്ലാ ഘട്ടങ്ങളും സമിതി നിരീക്ഷിക്കുകയും വിവിധ വകുപ്പുകൾക്കിടയിലുള്ളതും ഏജൻസികൾക്കിടയിലുള്ളതുമായ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യും. പദ്ധതിയുടെ പ്രാധാന്യവും നടപ്പിലാക്കുന്നതിലെ തടസങ്ങളും കണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പിലെ സെക്രട്ടറിയേയും ആവശ്യമെങ്കിൽ മറ്റ് മേഖലകളിൽ നിന്ന് പ്രത്യേക ക്ഷണിതാക്കളെയും സമിതിൽ ഉൾപ്പെടുത്തുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.




**ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി (ഐകെജിഎസ്-2025) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ വ്യവസായ, നിയമ, കയർ മന്ത്രി പി. രാജീവ് സംസാരിക്കുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് എന്നിവർ സമീപം.**

# കള്ളക്കടൽ ജാഗ്രതാ നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം (കാപ്പിൽ മുതൽ പൊഴിയൂർ വരെ) ജില്ലയിൽ മേയ് 22 ന് ഉച്ചയ്ക്ക് 2.30 വരെ 0.8 മുതൽ 1.0 മീറ്റർ വരെയും കന്യാകുമാരി തീരത്ത് ഉച്ചയ്ക്ക് 2.30 വരെ 1.0 മുതൽ 1.1 മീറ്റർ വരെയും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (കചഇഛകട) അറിയിച്ചു.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കണം. കചഇഛകട മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ശ്രദ്ധ പുലർത്തണം. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് വഴി കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണം. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണം.

# വിവിധ തസ്തികകളിൽ അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ മെയ് 24ന് രാവിലെ 10ന് സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ തസ്തികളിലേക്ക് അഭിമുഖം നടക്കും. ഷോറും മാനേജർ, റീറ്റെയ്ൽ സലെസ് എക്സിക്യൂട്ടീവ്, മാർക്കറ്റിങ് എക്സിക്യൂട്ടീവ്, സൈറ്റ് സുപ്പർവൈസർ, എസ്റിമേഷൻ ആൻഡ് പർചെസ് എക്സിക്യൂട്ടീവ്, ടീം ലീഡർ സെയിൽസ്, ഫിനാൻഷ്യൽ കോൺസൽറ്റന്റ്, ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, കസ്റ്റമർ എക്സ്പീരിയൻസ് സ്പെഷ്യലിസ്റ്റ്, അസ്സോസിയേറ്റ് ടെക്നിക്കൽ / കസ്റ്റമർ സപ്പോർട്ട് - വോയിസ് പ്രോസസ്സ്, ഡെവലപ്പർ, എഡ്യുക്കേഷൻ സലെസ് അസ്സോസിയേറ്റ് - ടെലി കോളിങ് ആൻഡ് കൗൺസിലിങ്, സർവേയർ - ഡി ജി പി എസ് ആൻഡ് ടോട്ടൽ സ്റ്റേഷൻ ഓപ്പറേറ്റർ, അസിസ്റ്റന്റ് സർവേയർ ട്രെയിനി, ഡി ജി പി എസ് ഓപ്പറേറ്റർ, അക്കൗണ്ടന്റ് തസ്തികകളിലാണ് നിയമനം. തസ്തികകളുടെ പ്രായപരിധി 40 വയസ്. ഐടിഐ, ബിരുദം, ഡിപ്ലോമ എന്നിവയാണ് യോഗ്യത. പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത്, അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ നമ്പർ : 0471-2992609, 8921916220.

# അഭിമുഖം മാറ്റിവച്ചു

ആറ്റിങ്ങൽ സർക്കാർ കോളേജിൽ പൊളിറ്റിക്കൽ സയൻസ് വിഷയത്തിലേക്ക് 22 ന് ഉച്ചയ്ക്ക് 1.30 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഗസ്റ്റ് അധ്യാപക അഭിമുഖം മാറ്റിവച്ചു.

# നഗരപ്രദേശങ്ങൾ ഹരിതാഭമാക്കാൻ 'വിമൻ ഫോർ ട്രീ' - ഹരിത നഗരം ക്യാമ്പയിന് തുടക്കം

## മെയ് 23 വരെ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ

തിരുവനന്തപുരം: കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ നഗരപ്രദേശങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് സംഘടിപ്പിക്കുന്ന 'വിമൻ ഫോർ ട്രീ'-ഹരിത നഗരം ക്യാമ്പയിൻറെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് തുടക്കമായി. സ്ത്രീകളിലൂടെ നഗരഹരിതവൽക്കരണവും ശുചിത്വവുമാണ് ക്യാമ്പയിൻറെ ലക്ഷ്യം. ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 93 നഗരസഭാ പ്രദേശങ്ങളിൽ തണൽ മരങ്ങളും ഫലവൃക്ഷത്തൈകളും നട്ടുപിടിപ്പിക്കാനുള്ള സാധ്യതാ പരിശോധന ഇന്നലെ(2152025) ആരംഭിച്ചു. അയൽക്കൂട്ട വനിതകൾ മുഖേന കണ്ടെത്തുന്ന ഇടങ്ങളിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചുമുതൽ ഓഗസ്റ്റ് വരെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് തീരുമാനം. നഗരമേഖലയിലെ ജലാശയങ്ങൾ, പാർക്കുകൾ എന്നിവയുടെ സമീപവും വഴിയോരങ്ങളിലുമാണ് പ്രധാനമായും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക. ഇതിനാവശ്യമായ വൃക്ഷത്തൈകൾ കൃഷി വകുപ്പ്, കുടുംബശ്രീ നഴ്സറികൾ, മറ്റു പ്രാദേശിക വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നു ലഭ്യമാക്കും. ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി നഗരമേഖലയിൽ രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ മുഖേനയാകും മരങ്ങൾ നടാനുള്ള സാധ്യതകൾ കണ്ടെത്തുക. നഗരസഭകളും ഇതിൽ പങ്കാളികളാകും. റെസിഡൻറ്സ് അസോസിയേഷനുകൾ, വിദ്യാലയങ്ങൾ എന്നിവയുടെ പങ്കാളിത്തവും തേടും.

വൃക്ഷത്തൈ നടീലും തുടർ പരിപാലനവും ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി നഗരമേഖലയിലെ കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ക്യാമ്പയിനിലൂടെ ഇവർക്ക് മെച്ചപ്പെട്ട ഉപജീവന മാർഗം ലഭ്യമാകുന്നതിന് അവസരമൊരുങ്ങും. കുടുംബശ്രീ പ്ളാൻറ് നഴ്സറികൾ, കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവയെയും ക്യാമ്പയിൻ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കും. നഗരഹരിതവൽക്കരണ പ്രവർത്തനങ്ങൾക്ക് അമൃത് മിഷൻറെ സഹകരണവും ഉണ്ടാകും. സുസ്ഥിര നഗര വികസനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം നഗരങ്ങളിലെയും പട്ടണങ്ങളിലെയും സ്ത്രീകൾക്ക് മികച്ച ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്നതിനും ക്യാമ്പയിൻ സഹായകമാകുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം ആസൂത്രണം ചെയ്ത് രാജ്യമൊട്ടാകെ സംഘടിപ്പിക്കുന്ന ക്യാമ്പയിനാണ് വിമൻ ഫോർ ട്രീ-ഹരിതനഗരം ക്യാമ്പയിൻ.

അമൃത് മിഷനുമായി സഹകരിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ. സംസ്ഥാന നഗര ഉപജീവന മിഷനുകൾ, നഗര തദ്ദേശ സ്ഥാപനങ്ങൾ, വനംവകുപ്പ് എന്നിവയുമായി സംയോജിച്ചു കൊണ്ടാണ് ക്യാമ്പയിൻ നടത്തുക. സാധ്യതാ പരിശോധന നാളെ(മെയ് 23)പൂർത്തിയാകും.

# എം.സി.എ: മേയ് 31 വരെ അപേക്ഷിക്കാം

സംസ്ഥാനത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എം.സി.എ റഗുലർ കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി മേയ് 31 വരെ അപേക്ഷാഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

വിശദ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in , 0471-2324396, 2560327.

# രജിസ്ട്രേഷൻ വകുപ്പ് കാലത്തിനൊപ്പം മാതൃകയാണ്: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിനെയാകെ കാലത്തിനനുസരിച്ച് ആധുനിക വൽക്കരിക്കുന്ന നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോവുകയാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളിൽ സമ്പൂർണ ഡിജിറ്റൽ സംവിധാനം നിലവിൽ വന്നതിന്റെ സംസ്ഥാനതല പ്രഖ്യാപനം പട്ടം സബ്രജിസ്ട്രാർ ഓഫീസിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.160 വർഷത്തിലേറെ പാരമ്പര്യമുള്ളതാണ് നമ്മുടെ രജിസ്ട്രേഷൻ വകുപ്പ്. 1865 ൽ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ് ഇന്ത്യയിലെ തന്നെ ആദ്യത്തെ സബ്രജിസ്ട്രാറാഫീസ് സ്ഥാപിതമായത്.

സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ രണ്ടാംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പാണ്. 5579 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനം. തൊട്ടു മുൻപത്തെ വർഷം ഇത് 5219 രൂപയായിരുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ പരിഷ്കാരങ്ങൾ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. നമ്മുടെ 315 രജിസ്ട്രാറാഫീസുകളും കമ്പ്യൂട്ടർ വൽക്കരിച്ചുകൊണ്ട് പല സേവനങ്ങളും ഓൺലൈനായി തന്നെ ലഭ്യമാക്കിയതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ സുഗമമായും സുതാര്യമായും ലഭ്യമാക്കാൻ സാധിച്ചു വരുന്നു.അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബിയിലൂടെ പഴയ കെട്ടിടങ്ങൾ നവീകരിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിലുൾപ്പെടുത്തിയിരുന്ന 52 കെട്ടിടങ്ങളിൽ മിക്കതും പൂർത്തിയായി. ഇതിനുപുറമെ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് 15 കെട്ടിടങ്ങളുടെ നവീകരണം വേറെയും പൂർത്തിയാക്കിയിട്ടുണ്ട്. ഒരു ജില്ലയിലെ ആധാരം ജില്ലക്കകത്ത് ഏത് രജിസ്ട്രാറാഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം, രജിസ്ട്രേഷന് ഓൺലൈൻ ആയി തീയ്യതിയും സമയവും നിശ്ചയിക്കുന്നതിനുള്ള ഓൺലൈൻ ടോക്കൺ സമ്പ്രദായം, ഓൺലൈൻ ഗഹാൻ രജിസ്ട്രേഷൻ, പഴയ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്തതോടെ ആധാര പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി എന്നിവ പൂർത്തികരിച്ചു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ലഭ്യമാക്കൽ, എന്നിവ ഏർപ്പെടുത്തി, പോക്കുവരവുകൾ എളുപ്പത്തിലാക്കുന്നതിന് റവന്യൂ - രജിസ്ട്രേഷൻ വകുപ്പുകളുടെ സോഫ്റ്റ്വെയറുകൾ പരസ്പരം ബന്ധിപ്പിച്ച് നടപടികൾ സുഗമമാക്കുകയും ചെയ്തു.എന്റെ ഭൂമി എന്ന പുതിയ പോർട്ടൽ പരീക്ഷണടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. ഇത് പ്രയോഗത്തിൽ വരുന്നതോടെ രജിസ്ട്രേഷൻ-റവന്യൂ-സർവ്വേ നടപടിക്രമങ്ങൾ ഒന്നിച്ചു പൂർത്തിയാക്കാൻ കഴിയും. ഭൂമി സംബന്ധിച്ച ആവശ്യങ്ങൾക്ക് ഒരാൾ പല ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം പൂർണ്ണമായും ഒഴിവാക്കും.

ആധാരങ്ങളിൽ ഡിജിറ്റൽ എൻഡോർസ്മെന്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, വിവാഹ രജിസ്ട്രേഷൻ നടപടികൾ പരിഷ്കരിക്കുന്നു. ഫോട്ടോ പതിച്ച വിവാഹ സർട്ടിഫിക്കറ്റ് നൽകാൻ സംവിധാനം, ചിട്ടി ഓൺലൈൻ സംവിധാനം എന്നിവയും വകുപ്പ് ഒരുക്കുകയാണ്.ഇത്തരത്തിൽ ആധുനിക വൽക്കരണത്തിന്റെ പ്രയോജനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കികൊണ്ട് നവകേരളത്തിൽ കാലത്തിനൊപ്പം രജിസ്ട്രേഷൻ വകുപ്പ് മുന്നേറുകയാണ്. മുഴുവൻ സബ്രജിസ്ട്രാറാഫീസിലും ജനകീയ സമിതികൾ രൂപികരിച്ചു.

മുഖ്യമന്ത്രി വിഭാവനം ചെയ്ത നവകേരള സൃഷ്ടിക്ക് ഉതകും വിധമുള്ള പുരോഗമനപരമായ മാറ്റങ്ങളാണ് രജിസ്ട്രേഷൻ വകുപ്പിലും നടപ്പാക്കിയിട്ടുള്ളത്. സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി വ്യത്യസ്ഥങ്ങളായ പരിപാടികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരികയാണ്.അതിന്റെ ഭാഗമായാണ് സുപ്രധാനമായ ഒരു ചുവടുവെപ്പിന് കൂടി ഇന്ന് തുടക്കം കുറിക്കുന്നത്. രജിസ്ട്രാർ ഓഫീസുകളിലെ മുഴുവൻ പണമിടപാടുകളും ഇ-പെയ്മെന്റ് സംവിധാനത്തിലേക്ക് മാറുകയാണ്. ഈ ഡിജിറ്റൽ യുഗത്തിൽ ഏറ്റവും കാലികമായ ഒരു പരിഷ്കാരമാണിത്. ഈ സൗകര്യം രജിസ്ട്രേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളെ കൂടുതൽ സുഗമവും സുതാര്യവുമാക്കുമെന്നും ഇത് ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകുമെന്നും പ്രതീക്ഷിക്കുകയാണ്.സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകൾ ഡിജിറ്റൽ പേയ്മെന്റ് ഓഫീസുകളായി മാറുന്നത് വകുപ്പിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. പൂർണ്ണമായും കക്ഷികൾക്ക് ഫീസിനത്തിലുള്ള വലിയ തുകകൾ അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് സബ്രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് ഒടുക്കേണ്ട സാഹചര്യം ഒഴിവാകുകയും കൂടാതെ പണമിടപാടുകൾ സുതാര്യമാകുകയും, സൗകര്യപ്രദമാകുകയും ചെയ്യും. വലിയ തുകകൾ ഓഫീസുകളിൽ കൈകാര്യം ചെയ്യുന്നതും, ട്രഷറിയിൽ ഒടുക്കുന്നതുമായി ബന്ധപ്പെട്ട ഓഫീസുകളിലെ ബുദ്ധിമുട്ട് മാറുകയും, തുകകൾ ഓഫീസുകളിൽ സൂക്ഷിക്കുന്നതിൽ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരമാകുകയും ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

വി.കെ.പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ രജിസ്ട്രേഷൻ വകുപ്പ് ഐജി ശ്രീധന്യ സുരേഷ് സ്വാഗതമാശംസിച്ചു. വാർഡ് കൗൺസലർമാരായ അംശുവാമദേവൻ, അജിത്ത് രവീന്ദ്രൻ, ആർ സുരകുമാരി തുടങ്ങിയവർ സംബന്ധിച്ചു.



രജിസ്ട്രാർ ഓഫീസുകളിൽ സമ്പൂർണ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം നിലവിൽ തിന്റെ സംസ്ഥാനതല പ്രഖ്യാപനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു

# സംസ്ഥാനം കടക്കെണിയിലെന്നത് യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ആക്ഷേപം: മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനം കടക്കെണിയിലെന്നത് യാഥാർഥ്യവുമായി ബന്ധമില്ലാത്ത ആക്ഷേപമാണെന്നും സംസ്ഥാനത്തിന്റെ കടഭാരം കുറയുകയാണെന്നും ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ആനുപാതികമായ കടം മാത്രമാണ് നാം എടുക്കുന്നത്. പാർലമെന്റും സംസ്ഥാന നിയമസഭയും അംഗീകരിച്ച ധന ഉത്തരവാദിത്ത നിയമത്തിനുള്ളിൽ നിന്നും കേന്ദ്ര സർക്കാരിന്റെ അനുമതിയോടെയും റിസർവ് ബാങ്ക് നിബന്ധനകൾ പാലിച്ചും മാത്രമാണ് സംസ്ഥാനത്തിന് വായ്പ എടുക്കാനാകുകയെന്നും വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

കേരളത്തിന് ആഭ്യന്തര സംസ്ഥാന മൊത്ത ഉൽപാദനത്തിന്റെ (ജിഎസ്ഡിപി) മൂന്നര ശതമാനം വരെ വായ്പാനുമതിയുണ്ട്. എന്നാൽ 2022–23 ൽ 2.5 ശതമാനം, 2023–24ൽ 2.99 ശതമാനം എന്നിങ്ങനെയാണ് സംസ്ഥാനം വായ്പ എടുത്തത്. നമുക്ക് അർഹതപ്പെട്ട കടം പോലും കേന്ദ്രം നിഷേധിക്കുകയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം നമുക്ക് അർഹതപ്പെട്ട കടം എടുക്കാൻ അനുവദിക്കണമെന്ന ശക്തമായ ആവശ്യം അവഗണിക്കാൻ കേന്ദ്ര സർക്കാരിനായില്ല. എന്നിട്ടും അനുവദനീയമായ മൂന്നര ശതമാനത്തിൽ താഴെയാണ് വായ്പ.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ലഭ്യമാക്കിയ ജിഎസ്ഡിപി കണക്കുകൾ പ്രകാരം കേരളത്തിന്റെ ആകെ കടം ജിഎസ്ഡിപിയുടെ ശതമാനത്തിൽ 2020–21നുശേഷം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2020–21ൽ കടവും ജിഎസ്ഡിപിയുമായുള്ള അനുപാതം 38.47 ശതമാനമായിരുന്നു. 2021–22ൽ 36.31 ശതമാനം, 2022–23ൽ 35.38 ശതമാനം, 2023–24ൽ 34.2 ശതമാനം എന്നിങ്ങനെ കുറയുകയായിരുന്നു. 2024–25ൽ ആകട്ടെ 33.9 ശതമാനമായി താഴ്ന്നു.

2020–21ൽ ജിഎസ്ഡിപി 7.79 ലക്ഷം കോടി രൂപയായിരുന്നപ്പോൾ സംസ്ഥാനത്തിന്റെ ആകെ ബാധ്യത 2.96 ലക്ഷം കോടി രൂപയായിരുന്നു. 2023–24ൽ ആകെ ബാധ്യത 3.91 ലക്ഷം കോടിയാണ്. എന്നാൽ ജിഎസ്ഡിപി 11.46 ലക്ഷം കോടിയായി വളർന്നിരുന്നു. 2024–25 ൽ ആകെ ബാധ്യത 4.31 ലക്ഷം കോടി രൂപയാണ്. എന്നാൽ ജിഎസ്ഡിപിയാകട്ടെ 12.75 ലക്ഷം കോടി രൂപയിലേക്ക് ഉയർന്നിട്ടുണ്ട്. സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ആനുപാതികമായി കടവും ജിഎസ്ഡിപിയുമായുള്ള അനുപാതം ഉയരുകയല്ല, താഴുകയാണ്.

2001–06 കാലഘട്ടത്തിൽ ജിഎസ്ഡിപി വളർച്ച 13.1 ശതമാനമായിരുന്നു. കടത്തിന്റെ വളർച്ചാ നിരക്ക് 14.3 ശതമാനവും. 2006–11ൽ ജിഎസ്ഡിപി വളർച്ച 13.7 ശതമാനമായപ്പോൾ കടത്തിന്റെ വളർച്ച 11.4 ശതമാനമായി താഴ്ന്നു. വീണ്ടും 2011–16ൽ ജിഎസ്ഡിപി വളർച്ച 11.6 ശതമായി കുറഞ്ഞപ്പോൾ കടത്തിന്റെ വളർച്ച 14.9 ശതമാനമായി കുതിച്ചു. 2016–21 കാലത്ത് പ്രളയം, കോവിഡ് തുടങ്ങി ദുരന്തങ്ങളുടെ സാഹചര്യത്തിൽ വളർച്ച നിരക്ക് 6.8 ശതമാനമായി കുറഞ്ഞു. കടത്തിന്റെ വളർച്ചാ നിരക്ക് 13.5 ശതമാനമായി. വരുമാനം കുത്തനെ ഇടിഞ്ഞപ്പോൾ വായ്പ എടുക്കുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ലായിരുന്നു.

2021–25 കാലഘട്ടത്തിൽ ജിഎസ്ഡിപി വളർച്ചാ നിരക്ക് ശരാശരി 13.5 ശതമാനമായി ഉയർന്നപ്പോൾ കടത്തിന്റെ വളർച്ചാ നിരക്ക് ശരാശരി 9.8 ശതമാനം മാത്രമാണ്. ഒരോ അഞ്ച് വർഷം കൂടുന്തോറും ആകെ കട ബാധ്യത ഇരട്ടിയാകുന്നതാണ് മൂന്ന് പതിറ്റാണ്ടായി കേരളത്തിൽ കണ്ടുവരുന്ന സ്ഥിതിവിശേഷം. 2010–11ൽ ആകെ ബാധ്യത 78,673 കോടി രൂപയായി. 2015–16ൽ ഇത് 1,57,370 കോടിയായി. 2020–21ൽ 2,96,901 കോടി രൂപ. അഞ്ചു വർഷത്തിൽ ബാധ്യത ഇരട്ടിയാകുന്നു. ഈ പ്രവണത അനുസരിച്ച് 2025–26ൽ ബാധ്യത ഏതാണ്ട് ആറുലക്ഷം കോടി രൂപയാകണം. ഫലത്തിൽ 4.65 ലക്ഷം കോടിയിൽ ആകെ ബാധ്യത നിൽക്കുമെന്ന് ഉറപ്പാണ്. സംസ്ഥാനത്തിന് ഇക്കാലയളവിൽ അർഹതപ്പെട്ട വായ്പകൾ എടുക്കുന്നതിന് അനുമതി നിഷേധിച്ചതാണ് ഇത്തരത്തിൽ വായ്പാ ബാധ്യതയുടെ വളർച്ച കുറയുന്നതിന് കാരണമായത്. എന്നാൽ, ഈ തുക കൂടി ലഭിച്ചിരുന്നുവെങ്കിൽ വികസനക്ഷേമ മേഖലകളിൽ കൂടുതൽ കാര്യങ്ങൾ ഏറ്റെടുക്കാനാകുമായിരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിനും വായ്പയ്ക്കും ഗ്യാരന്റി നിൽക്കുന്നതിന്റെ പേരിൽ ഈ വർഷം സംസ്ഥാന സർക്കാരിന് വായ്പയെടുക്കാവുന്ന തുകയിൽനിന്ന് 3300 കോടി രൂപ കുറച്ചു. ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ പേര് പറഞ്ഞാണ് കേരളത്തിന്റെ വായ്പാനുവാദത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയത്. 80,000 കോടി രൂപയ്ക്കാണ് സംസ്ഥാനം ഗ്യാരന്റി നിൽക്കുന്നത്. ഇതിന്റെ അഞ്ചു ശതമാനം ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടായി മാറ്റിവയ്ക്കണമെന്നാണ് ഈ വർഷം വായ്പയെടുക്കുന്നതിനുള്ള നിബന്ധനയായി കേന്ദ്രസർക്കാർ പറഞ്ഞത്. അങ്ങനെ ചെയ്തില്ലെങ്കിൽ വായ്പയെടുക്കാവുന്നതിൽ നിന്ന് ജിഎസ്ഡിപിയുടെ 0.25 ശതമാനം, അതായത് 3300 കോടി രൂപ കുറയ്ക്കുമെന്നാണ് കഴിഞ്ഞദിവസം കേന്ദ്രസർക്കാർ കത്ത് മുഖാന്തരം അറിയിച്ചത്. ഈ വർഷം ഡിസംബർവരെ 29,529 കോടിയാണ് വായ്പയെടുക്കാവുന്നതെന്ന് അറിയിച്ചതിന് പിന്നാലെയാണിത്.

വായ്പാനുമതിയിൽ അനാവശ്യമായ നിബന്ധനകളാണ് കേന്ദ്ര സർക്കാർ ഓരോ വർഷം അടിച്ചേൽപ്പിക്കുന്നത്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ്, കിഫ്ബിയുടെയും ക്ഷേമ പെൻഷൻ കമ്പനിയുടെയും വായ്പ എന്നിവയുടെ പേരിൽ സംസ്ഥാനത്തിന്റെ കടമെടുക്കൽ അവകാശം വെട്ടിക്കുറയ്ക്കൽ നടപടികൾ മുൻവർഷങ്ങളിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചു. കിഫ്ബി മുൻകാലങ്ങളിൽ എടുത്ത വായ്പകളുടെ പേരിലും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വായ്പാനുമതിയിൽ കുറവ് വരുത്തിയിരുന്നു. ഇപ്പോൾ പുതിയ നിബന്ധനകൾ കൊണ്ടുവന്നും കേരളത്തിന് ലഭിക്കേണ്ട വായ്പ വെട്ടിക്കുറയ്ക്കാനാണ് കേന്ദ്ര നീക്കം. ഇതിനുപുറമെയാണ് ഐജിഎസ്ടി വിഹിതത്തിൽനിന്ന് 956.16 കോടി രൂപകൂടി വെട്ടിക്കുറച്ചത്. സംസ്ഥാനങ്ങൾക്ക് നൽകിയ ഐജിഎസ്ടി തുക കൂടിപോയി എന്ന പേരിലാണ് ഈ തുകയും വെട്ടിക്കുറച്ചത്. എന്നാൽ ഐജിഎസ്ടി സംബന്ധമായ കൃത്യമായ കണക്കൊന്നും ഇപ്പോഴും ജിഎസ്ടി സമ്പ്രദായത്തിൽ ലഭ്യമാക്കിയിട്ടുമില്ല.

കേന്ദ്ര സർക്കാരിന്റെ കടം ജിഎസ്ഡിപി അനുപാതം 58.1 ശതമാനമാണ്. കേന്ദ്രത്തിന്റെ ആകെ കടം 155 ലക്ഷം കോടി രൂപയും. ധനഉത്തരവാദിത്ത നിയമം നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ ധനകമ്മി നിജപ്പെടുത്തുന്നത് ചിന്തിക്കാൻപോലും കഴിയാത്ത നിലയിലാണ് കേന്ദ്ര സർക്കാരിന്റെ ധനസ്ഥിതി. 2023–24ൽ 5.6 ശതമാനമാണ് ധനകമ്മി. കഴിഞ്ഞ വർഷത്തെ ധനകമ്മി 4.9 ശതമാനത്തിൽ നിൽക്കുമെന്നാണ് കേന്ദ്ര സർക്കാരിന്റെ അവകാശവാദം. ഈവർഷം 4.4 ശതമാനമാകുമെന്നും പറയുന്നു. കേന്ദ്ര സർക്കാർ അവകാശപ്പെടുന്നതിൽനിന്നും വളരെ ഉയർന്നതായിരിക്കും അന്തിമ കണക്കുകൾ എന്താണ് മുൻവർഷങ്ങളിലെ സ്ഥിതി. ഇക്കാര്യങ്ങളെല്ലാം മറച്ചുവച്ചാണ് കേരളത്തിൽ കടപ്പേടി പരത്താൻ നോക്കുന്നത്.

രണ്ടു ഗഡു ക്ഷേമ പെൻഷൻ ശനിയാഴ്ച മുതൽ (24.05.2025) വിതരണം ചെയ്യും. ഇതിനായി 1650 കോടി രൂപ അനുവദിച്ചു. മെയ് മാസത്തെ പെൻഷനൊപ്പം ഒരു ഗഡു കുടിശിക കൂടിയാണ് വിതരണം ചെയ്യുന്നത്.

ഒരോരുത്തർക്കും 3,200 രൂപ വീതം ലഭിക്കും. അഞ്ചു ഗഡുവാണ് കുടിശിക ഉണ്ടായിരുന്നത്. അതിൽ രണ്ടു ഗഡു മാത്രമാണ് ഇനി അവശേഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ 22 ന് രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തുന്നു. അഖില കേരള ചാക്കമർ മഹാസഭ സമർപ്പിച്ച ഹർജി, കോനാർ വിഭാഗത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, കുളത്തൂപ്പുഴ പഞ്ചായത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന "മുത്തുരാജ" സമുദായത്തിൽപ്പെട്ടവരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം എന്നിവ സിറ്റിംഗിൽ പരിഗണിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ. വി. ജോർജ്ജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## കയറുൽപ്പന്നങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം

പട്ടികജാതി വികസന വകുപ്പും നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും (ചളഞ്ഞങ്ക) സംയുക്തമായി കേരളത്തിലുടനീളം വിവിധ ജില്ലകളിൽ കയറുൽപ്പന്നങ്ങളായ ഫ്രെയിംമാറ്റ്, ചകിരിച്ചോറ് കംമ്പോസ്റ്റ്, കയർഭൂവസ്തു നിർമ്മാണവും വിതാനവും എന്നിവയിൽ സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നു. എട്ടാം ക്ലാസ് അടിസ്ഥാന യോഗ്യതയും 50 വയസ്സുവരെ പ്രായവുമുള്ള പട്ടികജാതി വനിതകൾക്ക് പരിശീലനത്തിനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: www.ncrmi.org , 0471 2730788.

## തൊഴിൽ നൈപുണ്യ പരിശീലനം

പട്ടികജാതി വികസന വകുപ്പും കയർ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കയർ ഗവേഷണ കേന്ദ്രമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി വിവിധ ജില്ലകളിൽ കയറുല്പന്നങ്ങളായ ഫ്രെയിംമാറ്റ്, ചകിരിച്ചോറ് കംമ്പോസ്റ്റ്, കയർഭൂവസ്ത്ര നിർമ്മാണവും വിതാനവും എന്നിവയിൽ സ്റ്റൈപന്റോടു കൂടിയ തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നു. എട്ടാം ക്ലാസ് അടിസ്ഥാനയോഗ്യതയും 50 വയസ്സുവരെ പ്രായമുള്ള പട്ടികജാതി വനിതകൾക്കാണ് പരിശീലനം. താത്പര്യമുള്ളവർക്ക് പരിശീലനത്തിന് അപേക്ഷകൾ സമർപ്പിക്കാം. വിശദാംശങ്ങൾക്ക്: www.ncrmi.org, 0471-2730788.

## പ്രൊജക്റ്റ് മാനേജർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു.

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവൃത്തിക്കുന്ന അസാപ് കേരള തദ്ദേശ സ്വയംഭരണ വിഭാഗത്തിലെ "നമസ്തേ" പദ്ധതിയിലേക്ക് പ്രൊജക്റ്റ് മാനേജർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. യോഗ്യത, ഒഴിവുകൾ തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://bit.ly/asapnamaste എന്ന ലിങ്ക് സന്ദർശിക്കുക. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 30.

## കരാർ നിയമനം

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഇംപാക്ട് കേരള ലിമിറ്റഡിൽ അർബൻ ഡിസൈനർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മേയ് 26നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : https://impactkerala.lsgkerala.gov.in.

## ഡെങ്കിപ്പനിയിൽ നിന്നും രക്ഷനേടാം: സഞ്ചരിക്കുന്ന അവബോധ വാൻമന്ത്രി വീണാ ജോർജ് ഫ്ലാഗ് ഓഫ് ചെയ്തു

ഡെങ്കിപ്പനി അവബോധത്തിന് സജ്ജമാക്കിയ സഞ്ചരിക്കുന്ന അവബോധ വാനിന്റെ ഫ്ലാഗ് ഓഫ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ഈ വാൻ തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് അവബോധം നൽകുന്നതാണ്.

ഈ വാനിലൂടെ ഡെങ്കിപ്പനി അവബോധ വീഡിയോകൾ പ്രദർശിപ്പിക്കും. കൊതുകിന്റെ ഉറവിട നശീകരണത്തിൽ സ്വന്തം വീട്ടിലും സ്ഥാപനത്തിലും അവരവർക്ക് ചെയ്യാൻ കഴിയുന്നത് വ്യക്തമാക്കുന്നതാണ് വീഡിയോകൾ. മഴക്കാലം മുന്നിൽ കണ്ട് ദേശീയ ഡെങ്കിപ്പനി ആചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ ജില്ലകളിലും അവബോധം ശക്തമാക്കിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം കാരണം ഡെങ്കിപ്പനിയ്ക്കെതിരെ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഉറവിട നശീകരണത്തിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും പൊതുജനങ്ങളും ശ്രദ്ധിക്കണം. വീട്ടിലോ സ്ഥാപനത്തിലോ അകത്തോ പുറത്തോ വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഉണ്ടാകരുത്. കൃത്യമായ ചികിത്സയും പരിചരണവും ഉറപ്പാക്കാനും സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ആവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്.

പനി ബാധിച്ചാൽ സ്വയം ചികിത്സ പാടില്ല. ഏത് പനിയും പകർച്ചപ്പനി ആകാൻ സാധ്യതയുള്ളതിനാൽ വൈദ്യ സഹായം തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടുകൂടി ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. മേയ് 23, 30 തീയതികളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടക്കും. ഇത് കൂടാതെ എല്ലാ വീടുകളിലും എല്ലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ ഡ്രൈഡേയും ആചരിക്കണം. സ്കൂൾ തുറക്കുന്നത് മുന്നിൽ കണ്ട് സ്കൂളും പരിസരവും കൂടി ശ്രദ്ധിക്കേണ്ടതാണ്.

എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ എന്നിവർ പങ്കെടുത്തു.

## അശോക സർവകലാശാലയിലെ പ്രഫസറുടെ അറസ്റ്റ്; കേസെടുത്ത് ദേശീയ മനുഷ്യാവകാശ കമ്മീഷൻ

ന്യൂഡൽഹി: അശോക സർവകലാശാല അധ്യാപകൻ അലിഖാൻ മഹ്മൂദാബാദിനെ അറസ്റ്റ് ചെയ്ത നടപടിയിൽ സ്വമേധയാ കേസെടുത്ത് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. മാധ്യമ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മനുഷ്യാവകാശ ലംഘനം നടന്നതായി കണ്ടെത്തിയെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടി.

വിഷയത്തിൽ ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഹരിയാന ഡിജിപിക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി.

അതേസമയം അധ്യാപകൻ അലി ഖാൻ മഹ്മൂദാബാദിന് ഉപാധികളോടെ സുപ്രീം കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. അന്വേഷണത്തിന് മൂന്നംഗ പ്രത്യേക സംഘത്തെ നിയോഗിക്കാൻ ഹരിയാന സർക്കാരിന് നിർദേശവും നൽകി. ഹരിയാന, ഡൽഹി സംസ്ഥാനങ്ങൾക്ക് പുറത്തുള്ള വരാകണം കേസ് അന്വേഷിക്കാൻ, പാസ്പോർട്ട് കോടതിയിൽ സമർപ്പിക്കാനും നിർദേശിച്ചു.

അധ്യാപകനെതിരെ മറ്റ് നടപടികൾ എടുക്കരുതെന്ന് അശോക സർവകലാശാലയോടും കോടതി നിർദേശിച്ചു. ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ചുള്ള ഫേസ്ബുക്ക് പോസ്റ്റിന്റെ അടിസ്ഥാനത്തിലായിരുന്നു അലിഖാനെ അറസ്റ്റ് ചെയ്ത് 14 ദിവസത്തേക്ക് കസ്റ്റഡിയിൽ വിട്ടത്.

## രാഷ്ട്രീയനേതാക്കളുമായി ലൈംഗികബന്ധത്തിന് നിർബന്ധിച്ചുവെന്ന് ഭാര്യയുടെ ആരോപണം; പ്രവർത്തകനെ പുറത്താക്കി ഡിഎംകെ

ചെന്നൈ: രാഷ്ട്രീയനേതാക്കളുമായി ലൈംഗികബന്ധത്തിന് നിർബന്ധിച്ചുവെന്ന ഭാര്യയുടെ ആരോപണത്തിൽ ഭർത്താവായ പാർട്ടി പ്രവർത്തകനെതിരെ നടപടിയെടുത്ത് ഡിഎംകെ. പ്രവർത്തകനെ പാർട്ടിയിൽ നിന്ന് പുറത്താക്കി.

ഡിഎംകെയുടെ യുവജന വിഭാഗം ആരക്കോണം ഡെപ്യൂട്ടി സെക്രട്ടറി ദൈവസെയൽ എന്നയാൾക്കെതിരെയാണ് ഇരുപതുകാരിയായ യുവതി ഗുരുതര ആരോപണവുമായി രംഗത്തെത്തിയത്. രാഷ്ട്രീയ നേട്ടങ്ങൾക്കായി പാർട്ടി നേതാക്കൾക്കൊപ്പം കിടക്ക പങ്കിടാൻ 40കാരനായ ദൈവസെയൽ തന്നെ നിർബന്ധിച്ചുവെന്നാണ് യുവതി പരാതിയിൽ ആരോപിക്കുന്നത്. ഭർത്താവ് തന്നെ ക്രൂര പീഡനത്തിന് ഇരയാക്കിയെന്നും പരാതിപ്പെട്ടാൽ കുടുംബത്തെയടക്കം തീകൊളുത്തി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്നും യുവതി ആരോപിക്കുന്നു. തനിക്ക് വീടുവിട്ട് പുറത്തുപോകാൻ അനുവാദമില്ലെന്നും അതിനാൽ പരീക്ഷകൾ പോലും എഴുതാനായില്ലെന്നും അവർ പറയുന്നു. ദൈവസെയൽ മുൻപ് ഒരു സ്ത്രീയെ വിവാഹം കഴിച്ചിരുന്നെന്നും ഇത് മറച്ചുവച്ചാണ് തന്നെ വിവാഹം ചെയ്തതെന്നും യുവതി ആരോപിച്ചു.

ഇയാൾക്കെതിരെ നടപടിയെടുക്കണമെന്ന് യുവതി മുഖ്യമന്ത്രി എം. കെ. സ്റ്റാലിനോട് ആവശ്യപ്പെട്ടിരുന്നു. ഇയാൾക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ വൻ പ്രതിഷേധത്തിന് ആഹ്വാനം ചെയ്യുമെന്ന് പ്രതിപക്ഷ നേതാവ് എടപ്പാടി പളനിസ്വാമി പറഞ്ഞിരുന്നു. അതിനു പിന്നാലെയാണ് ഇയാളെ ഡിഎംകെ പുറത്താക്കിയത്. അതേസമയം, പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ കഴമ്പില്ലെന്ന് ബോധ്യപ്പെട്ടതായി പോലീസ് പറഞ്ഞു. കേസിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും പോലീസ് വ്യക്തമാക്കി.

## ഐ. എച്ച്. ആർ. ഡി പരിപാടി 23ന്

കേരള സർക്കാർ സ്ഥാപനമായ ഐഎച്ച്ആർഡിയുടെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റികൾ, കോളേജുകൾ അടക്കമുള്ള അക്കാദമിക് സ്ഥാപനങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പരിപാടി സംഘടിപ്പിക്കുന്നു. മെയ് 23 രാവിലെ 10 മണിക്ക് തിരുവനന്തപുരത്തുള്ള ഐഎച്ച്ആർഡി മോഡൽ ഫിനിഷിംഗ് സ്കൂളിൽ നടക്കുന്ന പരിപാടിയിൽ നിർമിത ബുദ്ധിയുടെ കാലഘട്ടത്തിൽ നിരന്തര മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയുടെ ഗവേഷണ, തൊഴിൽ സാധ്യതകൾ വിശദമായി' ചർച്ച ചെയ്യും.പരിപാടിക്ക് ജപ്പാനിലെ കാവാസാക്കിയിൽ നിന്നുള്ള സാങ്കേതിക വിദഗ്ധനും പ്രശസ്ത ഗവേഷകനുമായ ഡോ. അകിഹിക്കോ (കെൻ) സുഗിയാമ, തിരുവനന്തപുരം ഐഐഎസ്ടി അസോസിയേറ്റ് ഡീനും , SF-C-C-C കേരളാ ഘടകത്തിന്റെ ചെയർമാനുമായ ഡോ: ബി എസ് മനോജ്, ഐ എച്ച് ആർ ഡി ഡയറക്ടർ ഡോ. വി എ അരുൺ കുമാർ, ഐ.ജെ.എസ്.ടി.ഐ ചീഫ് എഡിറ്ററും പൂഞ്ഞാർ ഐഎച്ച്ആർഡി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പാളുമായ ഡോ. എം വി രാജേഷ് എന്നിവർ നേതൃത്വം നൽകും. ഉന്നത വിദ്യാഭ്യാസ ഗവേഷണ നിന്നുള്ള ശാസ്ത്രജ്ഞരും അക്കാഡമിക് രംഗത്തെ പ്രതിനിധികളും വിദ്യാർത്ഥികളും പങ്കെടുക്കും.ഗവേഷണ സംവാദത്തിനു മുൻകൂട്ടി രജിസ്റ്റർ ചെയ്യാൻ https://shorturl.at/PfSDc ലിങ്ക് സന്ദർശിക്കുക.

## ഷിരൂർ മണ്ണിടിച്ചിൽ ദുരന്തം അതിജീവിച്ചയാൾ ഇടിമിന്നലേറ്റ് മരിച്ചു

മംഗളൂരു: കർണാടകയിലെ ഷിരൂരിലുണ്ടായ മണ്ണിടിച്ചിൽ ദുരന്തം അതിജീവിച്ചയാൾ ഇടിമിന്നലേറ്റ് മരിച്ചു. അങ്കോള സ്വദേശി തമ്മാണി അനന്ത് ഗൗഡ(65)ആണ് മരിച്ചത്. വീടിന്റെ മേൽക്കൂരയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനിടെ ഇയാൾക്ക് ഇടിമിന്നലേൽക്കുകയായിരുന്നു.

ഉടനെ അങ്കോള താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ചികിത്സയ്ക്കിടെ മരിച്ചു. കഴിഞ്ഞ വർഷം ജൂലൈ 16–നായിരുന്നു ഷിരൂരിൽ മണ്ണിടിച്ചിലുണ്ടായത്. കരകവിഞ്ഞൊഴുകിയ ഗംഗാവലി പുഴ തമ്മാണിയുടെ വീട്ടിലേയ്ക്ക് ഇരച്ചുകയറിയിരുന്നു. അന്ന് അതിസാഹസികമായായിരുന്നു ഇയാൾ രക്ഷപ്പെട്ടത്.

ആഴ്ചകളോളം നീണ്ട ദുർഘടമായ രക്ഷാപ്രവർത്തനത്തിന് ഒടുവിലാണ് അർജുന്റെ മൃതദേഹം കണ്ടെത്തിയത്.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മേയ് 21 മുതൽ 25 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

തിരുവനന്തപുരം തൈക്കാട് ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ, ജ്യോഗ്രഫി, എജ്യുക്കേഷനൽ ടെക്നോളജി ആർട്ട് എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിൽ 26ന് അഭിമുഖം നടത്തും. അതത് വിഷയങ്ങളിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം, എം.എഡ്, നെറ്റ്/പി.എച്ച്.ഡി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളുമായി യഥാക്രമം 10.30ന് കോളേജിൽ നേരിട്ട് ഹാജരാകണം. ചജ്ഞാ ഉള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. ഉദ്യോഗാർത്ഥികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഫോൺ: 9847245617. ഇ–മെയിൽ: gctetvm@gmail.com

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മ്യൂസിയങ്ങൾ ചരിത്ര സത്യങ്ങളുടെ കാവൽപ്പുരകൾ: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

## അന്താരാഷ്ട്ര മ്യൂസിയം ദിനാചരണ ചടങ്ങുകൾ സംഘടിപ്പിച്ചു

നമ്മുടെ മഹത്തായ പൈതൃകത്തേയും ചരിത്രത്തെയുമെല്ലാം തമസ്കരിക്കാനുള്ള ഗൂഢ ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത് ചരിത്ര സത്യങ്ങളുടെ കാവൽപ്പുരകൾ എന്ന നിലയിൽ മ്യൂസിയങ്ങൾക്ക് ഏറെ പ്രസക്തിയും പ്രാധാന്യവുമുണ്ടെന്ന് പുരാവസ്തു-പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. അന്താരാഷ്ട്ര മ്യൂസിയം ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മ്യൂസിയം ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഭൂതകാലമെന്നത് വർത്തമാനത്തിലേക്കും ഭാവിയിലേക്കുള്ള വെളിച്ചമാണ്. നൂറ്റാണ്ടുകൾ പിന്നിട്ട ചരിത്ര വീഥികളിലേക്ക് പ്രകാശം ചൊരിയുന്ന ഗോപുരങ്ങളാണ് മ്യൂസിയങ്ങൾ. അവ നമ്മെ ഭൂതകാലത്തിന്റെ പാഠങ്ങൾ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ മ്യൂസിയങ്ങളെ വെറും കാഴ്ച ബംഗ്ലാവുകളായി കണ്ടിരുന്ന പഴയ കാലം മാറി. ചരിത്ര യാഥാർഥ്യങ്ങളുടെ നേർസാക്ഷ്യങ്ങളാണ് മ്യൂസിയങ്ങൾ എന്ന് ഇന്ന് ലോകം തിരിച്ചറിയുന്നു.

കാലത്തിന്റെ നേർസാക്ഷ്യങ്ങളെന്ന നിലയിൽ ലോകമെമ്പാടും മ്യൂസിയങ്ങൾക്ക് വമ്പിച്ച സ്വീകാര്യത വന്നിട്ടുണ്ട്. മ്യൂസിയങ്ങൾ ചരിത്ര നിർമ്മിതിക്കുതകും വിധം അക്കാദമിക ഗവേഷണങ്ങൾക്കുള്ള ഇടം കൂടിയായി മാറി. മ്യൂസിയം ശാസ്ത്രമെന്നത് ഒരു പ്രത്യേക പഠനശാഖയായി വളർന്നു.ലോകമെമ്പാടുമുള്ള മ്യൂസിയം പ്രവർത്തകർ ചേർന്ന് ഇന്റർനാഷണൽ കൗൺസിൽ ഓഫ് മ്യൂസിയംസ് (കഇഛങ) എന്ന സംഘടനയ്ക്ക് രൂപം നൽകുകയും ഇതിന്റെ നേതൃത്വത്തിൽ 1977 മുതൽ എല്ലാ വർഷവും മെയ് 18 അന്താരാഷ്ട്ര മ്യൂസിയം ദിനമായി ആചരിച്ചു വരികയുമാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തും വിവിധ കേന്ദ്രങ്ങളിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ നാം തീരുമാനിച്ചത്. സാമൂഹ്യവികാസത്തിൽ മ്യൂസിയങ്ങളുടെ പ്രസക്തിയെക്കുറിച്ചും ഈ രംഗത്തെ വെല്ലുവിളികളെ കുറിച്ചും അതോടൊപ്പം സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്യാനും അവബോധം സൃഷ്ടിക്കാനുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.1814 ൽ സ്ഥാപിച്ച 'ഇന്ത്യൻ മ്യൂസിയം കൽക്കട്ട' യാണ് രാജ്യത്തെ ആദ്യത്തെ മ്യൂസിയം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1857 ൽ ഉത്രം തിരുനാൾ മാർത്താണ്ഢവർമ്മയുടെ കാലത്ത് തിരുവിതാംകൂർ വാനനിരീക്ഷണകേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന ബ്രൗണിന്റെ നേതൃത്വത്തിലാണ് കേരളത്തിൽ ആദ്യ മ്യൂസിയം പിറവിയെടുത്തത്. ഈ മ്യൂസിയം പിന്നീട് ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് 1880ൽ നാപ്പിയർ മ്യൂസിയമായി പരിവർത്തനം ചെയ്തു. വാസ്തുശില്പ ഭംഗി കൊണ്ടും പൈതൃകം കൊണ്ടും തലസ്ഥാനനഗരിയിലെ ഈ മ്യൂസിയം വളപ്പിൽ ഇന്നും തലയുയർത്തി നിൽക്കുന്ന പൈതൃക മന്ദിരം തന്നെ ഒരു മ്യൂസിയമാണ്.ഒന്നാം പിണറായി സർക്കാരിന്റെ കാലം തൊട്ട് കഴിഞ്ഞ 9 വർഷങ്ങളായി നമ്മുടെ



അന്താരാഷ്ട്ര മ്യൂസിയം ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു

മ്യൂസിയം രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങളാണ് ഉണ്ടാക്കാൻ സാധിച്ചത്. നവീന പരിപ്രേക്ഷ്യത്തിൽ സംസ്ഥാനത്തുടനീളം വ്യത്യസ്ഥങ്ങളായ മ്യൂസിയങ്ങൾ സ്ഥാപിക്കുമെന്നായിരുന്നു ഒന്നാം പിണറായി സർക്കാരിന്റെ പ്രകടന പത്രികയിലെ വാഗ്ദാനം. അത് അക്ഷരാർത്ഥത്തിൽ നടപ്പാക്കി. സംസ്ഥാനത്ത് അതിനുമുൻപ് മൂന്നോ നാലോ ജില്ലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന നമ്മുടെ മ്യൂസിയം ശൃംഖലയെ സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചു. മ്യൂസിയം വകുപ്പിനോടൊപ്പം പുരാവസ്തു, പുരാരേഖ തുടങ്ങി വിവിധ വകുപ്പുകളുടെ നേതൃത്വത്തിലും വ്യത്യസ്ഥങ്ങളായ കഥ പറയുന്ന മ്യൂസിയങ്ങൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കപ്പെട്ടു. നിലവിലുണ്ടായിരുന്ന മ്യൂസിയങ്ങളൊക്കെ തന്നെയും ആധുനിക മ്യൂസിയം സങ്കല്പങ്ങൾക്കനുസരിച്ചുള്ള ഗാലറികളാക്കി പുനഃസജ്ജീകരിച്ചു. തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ തന്നെയുള്ള നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം തന്നെ ഇതിന് പ്രത്യക്ഷ ഉദാഹരണമാണ്. രവിവർമ്മ ചിത്രങ്ങൾക്ക് മാത്രമായി ലോകനിലവാരത്തിലുള്ള ഒരു ആർട്ട് ഗാലാറി സ്ഥാപിച്ചു. കണ്ണൂരിലെ കൈത്തറി മ്യൂസിയവും, വയനാടിലെ കുങ്കിച്ചിറ മ്യൂസിയവും, പയ്യന്നൂർ ഗാന്ധിസ്മൃതി മ്യൂസിയവും വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയവുമെല്ലാം ഇതിന്റെ ഭാഗമായി രൂപം കൊണ്ടതാണ്. ഇത് മാത്രമല്ല ജില്ലാ പൈതൃക മ്യൂസിയങ്ങൾ, പ്രാദേശിക ചരിത്ര മ്യൂസിയങ്ങൾ കൈത്തറി മ്യൂസിയം, വൈക്കം സത്യാഗ്രഹ മ്യൂസിയം പോലുള്ള വ്യത്യസ്ഥങ്ങളായ കഥപറയുന്ന മ്യൂസിയങ്ങൾ തുടങ്ങി മ്യൂസിയങ്ങളുടെ ഒരു വലിയ ശൃംഖലതന്നെ സംസ്ഥാനത്ത് രൂപപ്പെട്ടു. പെരളശ്ശേരിയിലെ എ. കെ. ജി സ്മൃതി മ്യൂസിയം ഈ വർഷം തന്നെ പൂർത്തിയാക്കും. ചന്തപ്പുരയിലെ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കും.രണ്ടാം പിണറായി സർക്കാരിന്റെ പ്രകടന പത്രികയിലും മ്യൂസിയങ്ങൾക്ക് മികച്ച പരിഗണനയാണ് നല്കിയത്. വ്യത്യസ്ഥങ്ങളായ മ്യൂസിയങ്ങളെ അവലോകനം ചെയ്യാനും മാർഗ്ഗനിർദേശങ്ങൾ സമർപ്പിക്കുന്നതിനും ഒരു മ്യൂസിയം കമ്മീഷനെ നിയമിക്കുമെന്നായിരുന്നു. രണ്ടാം പിണറായി സർക്കാരിന്റെ പ്രകടന പത്രികയിലെ വാഗ്ദാനം. അതും നാം നടപ്പിലാക്കിക്കഴിഞ്ഞു. മ്യൂസിയം കമ്മീഷനെ നിയമിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സമഗ്രമായ ഒരു മ്യൂസിയം നയം ആവിഷ്കരിച്ച് നടപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം.

നമ്മുടെ സംസ്ഥാനത്ത് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ തന്നെ ഒരു നോഡൽ ഏജൻസി പ്രവർത്തിച്ചുവരുന്നു എന്നത് ഈ രംഗത്ത് നാം നൽകുന്ന പ്രാധാന്യവും വ്യക്തമാക്കുന്നു. ”കേരളം മ്യൂസിയം' എന്ന ഈ സ്ഥാപനം ഈ രംഗത്ത് ശ്രദ്ധേയമായ ഇടപെടലുകളും അതുവഴി മികച്ച നേട്ടങ്ങളുമുണ്ടാക്കി. മ്യൂസിയം വകുപ്പിനു വേണ്ടി മാത്രമല്ല സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് വേണ്ടിയും സർവ്വകലാശാലകൾക്കുവേണ്ടിയും ”കേരളം മ്യൂസിയം' വഴി വ്യത്യസ്ഥങ്ങളായ മ്യൂസിയങ്ങൾ ഇതിനകം സ്ഥാപിക്കപ്പെട്ടു.അന്താരാഷ്ട്ര മ്യൂസിയം ദിനാചരണത്തിന്റെ ഭാഗമായി ഓരോ വർഷവും ഒരു പ്രമേയം അംഗീകരിക്കാറുണ്ട്.''അതിവേഗം മാറികൊണ്ടിരിക്കുന്ന വർത്തമാന സമൂഹത്തിൽ മ്യൂസിയങ്ങളുടെ ഭാവി' എന്നതാണ് ഈ വർഷത്തെ മ്യൂസിയം ദിന പ്രമേയം. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ശരിയായ ദിശാബോധം നല്കാൻ മ്യൂസിയങ്ങൾക്ക് എങ്ങനെയെല്ലാം സാധിക്കും എന്നതാണ് മുഖ്യ ചിന്താവിഷയം. മ്യൂസിയങ്ങളെന്നത് ചരിത്ര ശേഷിപ്പുകളുടെ പരിരക്ഷണ കേന്ദ്രങ്ങൾ മാത്രമല്ല അത് സമഗ്രവും സുസ്ഥിരവുമായ സാമൂഹ്യ സൃഷ്ടികളിലെ സജീവ പങ്കാളികൾ കൂടിയാണ്.

സത്യത്തിന്റെ തീവ്ര പ്രകാശത്തെ മറക്കാൻ ശ്രമിക്കുന്ന വർത്തമാനകാലത്ത് ദൃഷ്ടാന്തങ്ങളുടെ അകമ്പടിയോടെ യഥാർത്ഥ ചരിത്രമെന്തെന്ന് വെളിപ്പെടുത്തുകയും അതുവഴി ആത്മബോധവും ആത്മാഭിമാനവുമുള്ള തലമുറയെ സൃഷ്ടിക്കുന്നതിൽ മ്യൂസിയങ്ങളുടെ പങ്ക് തിരിച്ചറിയാനും അതിനെ പരിപോഷിപ്പിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. ദിനാചരണത്തിന്റെ ഭാഗമായി നടന്ന മത്സരങ്ങളിൽ വിജയികൾക്കുള്ള സമ്മാനദാനവും മന്ത്രി നിർവഹിച്ചു.സംസ്ഥാന മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പുകളുടെയും അതോടൊപ്പം കേരളം മ്യൂസിയത്തിന്റെയും നേതൃത്വത്തിൽ ഈ വർഷത്തെ അന്താരാഷ്ട്ര മ്യൂസിയം ദിനാചരണത്തിന്റെ ഭാഗമായി വ്യത്യസ്ഥങ്ങളായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന് നേതൃത്വം നൽകുന്ന വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

വാർഡ് കൗൺസിലർ പാളയം രാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ പി എസ് മഞ്ജുളാദേവി, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ ദിനേശൻ, പുരാരേഖ വകുപ്പ് ഡയറക്ടർ എസ് പാർവതി, കേരള മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ കെ. ചന്ദ്രൻ പിള്ള, മ്യൂസിയം സൂപ്രണ്ട് വിജയലക്ഷ്മി എന്നിവർ സംബന്ധിച്ചു.

# നരഭോജി കടുവയെ കണ്ടെത്തി; ഉടൻ മയക്കുവെടിവയ്ക്കും

മലപ്പുറം: കാളികാവ് അടയ്ക്കാക്കുണ്ടിലെ നരഭോജി കടുവയെ കണ്ടെത്തി. വനംവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ തെരച്ചിലിൽ കേരളാ എസ്റ്റേറ്റിലെ എസ് വളവിനു സമീപത്തു വച്ചാണ് കടുവയെ കണ്ടെത്തിയത്.

ആർആർടി സംഘത്തിന്റെ പത്തുമീറ്റർ അടുത്തുവരെ കടുവയെത്തിയെങ്കിലും വെടിവയ്ക്കാനായില്ല. വനംവകുപ്പിന്റെ നേതൃത്വത്തിൽ കടുവയെ നിരീക്ഷിക്കുകയാണെന്നും ഉടൻ മയക്കുവെടിവയ്ക്കുമെന്നും അധികൃതർ വ്യക്തമാക്കി.

കഴിഞ്ഞ വ്യാഴാഴ്ചയാണ് ടാപ്പിംഗ് തൊഴിലാളിയായ ഗഫൂറിനെ കടുവ കടിച്ചുകൊന്നത്. സഹതൊഴിലാളി അബ്ദുൽസമദ് നോക്കിനിൽക്കെയാണ് കടുവ ഗഫൂറിനെ ആക്രമിച്ച് വലിച്ചിഴച്ചുകൊണ്ടുപോയത്.

തുടർന്ന് വനംവകുപ്പിന്റെ നേതൃത്വത്തിൽ വ്യാപക തെരച്ചിൽ നടത്തിയെങ്കിലും കടുവയെ കണ്ടെത്തിയിരുന്നില്ല. വനംവകുപ്പ് ഉദ്യോഗസ്ഥർ നാലു സംഘമായി തിരഞ്ഞാണ് മയക്കുവെടിവയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്.കടുവയെ മയക്കുവെടിവയ്ക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായെന്ന് അധികൃതർ അറിയിച്ചു. കൂടുതൽ വനംവകുപ്പ് ഉദ്യോഗസ്ഥരും പോലീസും സ്ഥലത്തെത്തി.

# പെരുമ്പാവൂരിൽ ഹെറോയിനുമായി മൂന്ന് ഇതരസംസ്ഥാന തൊഴിലാളികൾ അറസ്റ്റിൽ

പെരുമ്പാവൂർ: 65 ഗ്രാം ഹെറോയിനുമായി മൂന്ന് ഇതര സംസ്ഥാനത്തൊഴിലാളികൾ പിടിയിൽ. ആസാം നൗഗാവ് സ്വദേശികളായ അബ്ദുൾ ബഷീർ (30), ബിച്ച് മിലൻ (58), റുസ്തം അലി (22) എന്നിവരെയാണ് പെരുമ്പാവൂർ എഎസ്പിയുടെ പ്രത്യേക അന്വേഷണസംഘം പിടികൂടിയത്. ജില്ലാ പോലീസ് മേധാവി എം. ഹേമലതയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ നെടുംതോട് ജംഗ്ഷനിൽ വച്ചാണ് മയക്കുമരുന്ന് കടത്തിയവരെ കസ്റ്റഡിയിലെടുത്തത്. ആസാമിൽ നിന്ന് ട്രെയിൻ മാർഗം ആലുവയിലെത്തി അവിടെ നിന്ന് ഓട്ടോയിൽ ഹെറോയിനുമായി അല്ലപ്ര ഒർണ ഭാഗത്തേക്ക് വരികയായിരുന്നു. സോപ്പുപെട്ടികളിൽ സൂക്ഷിച്ച നിലയിൽ ആറ് ബോക്സ് ഹെറോയിനാണ് പിടികൂടിയത്.

# സ്മാർട്ട് റോഡ് ഉദ്ഘാടന വിവാദം; വാർത്ത നിഷേധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ്

തിരുവനന്തപുരം: തലസ്ഥാനത്തെ സ്മാർട്ട് റോഡ് ഉദ്ഘാടനത്തിൽനിന്ന് മുഖ്യമന്ത്രി പിന്മാറിയത് തദ്ദേശ-പൊതുമരാമത്ത് മന്ത്രിമാർ തമ്മിലെ തർക്കത്തെ തുടർന്നെന്ന വാർത്ത നിഷേധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ്. ആരോഗ്യപ്രശ്നങ്ങൾ കാരണമാണ് പരിപാടിയിൽനിന്ന് വിട്ടുനിന്നതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

മേയ് 16ന് മുഖ്യമന്ത്രി ആരോഗ്യപരമായ കാരണങ്ങളാൽ ഉച്ചക്ക് ശേഷമുള്ള മൂന്ന് പരിപാടികൾ റദ്ദാക്കിയിരുന്നു. കാലവർഷ മുൻകരുതലുമായി ബന്ധപ്പെട്ട് വിളിച്ച പുനരവലോകന യോഗവും റോഡ് ഉദ്ഘാടനവും സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ പരിപാടിയുമാണ് ഇവ.

ഇക്കാര്യം വിവിധ മാധ്യമങ്ങൾ അന്ന് റിപ്പോർട്ട് ചെയ്തതുമാണ്. എന്നാൽ ഇപ്പോൾ മറ്റ് പ്രചാരണങ്ങൾ നടത്തി സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക പരിപാടിയുടെ ശോഭ കെടുത്താനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നതെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

തിരുവനന്തപുരത്തെ സ്മാർട്ട് സിറ്റി റോഡുകളുടെ നിർമാണ അവകാശവുമായി ബന്ധപ്പെട്ട് മന്ത്രിമാർക്ക് ഇടയിൽ തർക്കമുണ്ടെന്ന് വാർത്തകൾ പുറത്തുവരുന്നു. കേന്ദ്ര സംസ്ഥാന ഫണ്ടുകൾക്ക് പുറമെ തദ്ദേശ വകുപ്പിന്റെ കൂടി 80 കോടിയോളം രൂപ ചെലവഴിച്ചാണ് സ്മാർട്ട് റോഡുകൾ തയാറാക്കിയത്.

എന്നാൽ ഉദ്ഘാടന സമയത്ത് തദ്ദേശ വകുപ്പിനെ വെട്ടി പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് പൂർണമായി ക്രെഡിറ്റ് ഏറ്റെടുക്കാൻ നീക്കം നടത്തിയതോടെ എതിരഭിപ്രായമുയർന്നെന്നാണ് വിവരം. ഉദ്ഘാടനചടങ്ങിൽ മുഖ്യമന്ത്രിയുടെയും മന്ത്രി റിയാസിന്റെയും ഫ്ലക്സുകളും പത്രപരസ്യങ്ങളും നിറഞ്ഞിരുന്നു.

പക്ഷേ, മുഖ്യമന്ത്രി ഉദ്ഘാടന ചടങ്ങിന് എത്തിയില്ല. മന്ത്രി റിയാസിനെതിരെ മുഖ്യമന്ത്രിയെ നേരിൽ കണ്ട് എം. ബി. രാജേഷ് പരാതി അറിയിച്ചെന്നും ഇതേ തുടർന്നാണ് പിണറായി ചടങ്ങിൽനിന്ന് വിട്ടുനിന്നതുമെന്നാണ് പുറത്തുവന്ന വിവരം.

# പാലക്കാട്ട് ഭർത്താവ് ഭാര്യയെ കഴുത്ത് ഞെരിച്ച് കൊന്നു

പാലക്കാട്: തൃത്താലയിൽ ഭാര്യയെ ഭർത്താവ് കഴുത്ത് ഞെരിച്ച് കൊന്നു. ഉഷാനന്ദിനി (57) ആണ് കൊല്ലപ്പെട്ടത്. അരീക്കാട് സ്വദേശി മുരളീധരൻ (62) ആണ് ഭാര്യയെ കൊലപ്പെടുത്തിയത്. മുരളീധരനെ പോലീസ് കസ്റ്റഡിയിലെടുത്തു. ഷഹബാസ് വധക്കേസ്; പ്രതികളുടെ എസ്എസ്എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

# പയ്യന്നൂരിൽ ഗൃഹനാഥന്റെ കാൽ അടിച്ചു തകർത്തു; മകനെതിരേ കേസ്

കണ്ണൂർ: എഴുപത്തിയാറുകാരനായ ഗൃഹനാഥന്റെ കാൽ അടിച്ചു തകർത്ത മകനെതിരേ പയ്യന്നൂർ പോലീസ് കേസെടുത്തു. രാമന്തളി കല്ലേറ്റുംകടവിലെ കക്കളത്ത് അമ്പുവിന്റെ പരാതിയിലാണ് മകൻ അനൂപിനെതിരേ പോലീസ് കേസെടുത്തത്.

കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം അഞ്ചരയോടെയാണ് പരാതിക്കാസ്പദമായ സംഭവം. ഭാര്യ കുടുംബശ്രീക്ക് പോയതിനാൽ വീട്ടിൽ മറ്റാരുമില്ലാത്ത സമയത്തായിരുന്നു അച്ഛനോട് മകന്റെ പരാക്രമം.

പരാതിക്കാരന്റെ വീടിനോട് ചേർന്നുള്ള കടവരാന്തയിൽ പരാതിക്കാരനെ തടഞ്ഞുനിർത്തി മരത്തടി കൊണ്ട് ഇടതുകാലിനടിച്ച് പരിക്കേൽപ്പിച്ചതായാണ് പരാതി. മർദനത്തിൽ കാലിന്റെ മുട്ടിനുതാഴെ എല്ലുപൊട്ടി ഗുരുതരാവസ്ഥയിലായ വയോധികൻ പയ്യന്നൂർ സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്.

ചികിത്സയിൽ കഴിയുന്ന വയോധികനിൽനിന്നും മൊഴിയെടുത്ത ശേഷമാണ് പോലീസ് മകനെതിരെ കേസെടുത്തത്. കുടുംബസ്വത്ത് വീതംവയ്ക്കുന്നതിന് വിസമ്മതിച്ചതാണ് സംഭവത്തിന് കാരണമായി പരാതിയിലുള്ളത്.

# ട്രക്ക് ഡ്രൈവർമാരെ കൊലപ്പെടുത്തി വൃക്ക തട്ടിയെടുത്തു, മൃതദേഹം മുതലകൾക്ക് നൽകി; സീരിയൽ കില്ലർ പിടിയിൽ

ജയ്പുർ: രാജസ്ഥാനിൽ നിരവധി ട്രക്ക്, ടാക്സി ഡ്രൈവർമാരെ അതിക്രൂരമായി കൊലപ്പെടുത്തി വൃക്ക തട്ടിയെടുത്ത് കച്ചവടം ചെയ്ത സീരിയൽ കില്ലർ ഒടുവിൽ പിടിയിൽ. 67കാരനായ ദേവേന്ദർ ശർമയാണ് പോലീസിന്റെ പിടിയിലായത്. മരണത്തിന്റെ ഡോക്ടർ അഥവാ ഡോക്ടർ ഡെത്ത് എന്നറിയപ്പെടുന്ന സീരിയൽ കില്ലറാണ് പോലീസിന്റെ പിടിയിലായത്.

ഇരകളെ കൊലപ്പെടുത്തി വൃക്ക തട്ടിയെടുത്ത ശേഷം മൃതദേഹം ഉത്തർപ്രദേശിലെ കാസ്ഗഞ്ചിലെ മുതലകൾ നിറഞ്ഞ ഹസാര കനാലിലായിരുന്നു ഉപേക്ഷിച്ചിരുന്നത്. 2002 നും 2004 നും ഇടയിൽ നിരവധി ടാക്സി, ട്രക്ക് ഡ്രൈവർമാരെയാണ് പ്രതി ക്രൂരമായി കൊലപ്പെടുത്തിയത്. ഡ്രൈവർമാരെ ട്രിപ്പിന് വിളിക്കുകയും വഴിമധ്യേ ഇവരെ കൊലപ്പെടുത്തിയ ശേഷം വാഹനങ്ങൾ വിൽക്കുകയുമായിരുന്നു ദേവേന്ദർ ശർമയുടെ രീതി. 1998 നും 2004 നും ഇടയിൽ അനധികൃത വൃക്ക മാറ്റിവയ്ക്കൽ റാക്കറ്റും പ്രതി നടത്തിയിരുന്നു. നിരവധി സംസ്ഥാനങ്ങളിലെ ഡോക്ടർമാരുടെയും ഇടനിലക്കാരുടെയും സഹായത്തോടെ നൂറിലധികം അനധികൃത വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തതായും പ്രതി സമ്മതിച്ചിട്ടുണ്ട്. ഡൽഹി, രാജസ്ഥാൻ, ഹരിയാന എന്നിവിടങ്ങളിൽ ഏഴ് കേസുകളിലായി ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഗുരുഗ്രാം കോടതി വധശിക്ഷയും ഇയാൾക്ക് വിധിച്ചിട്ടുണ്ട്. പ്രതിയെ പിടികൂടിയ വിവരം ഇന്നാണ് പോലീസ് പുറത്തുവിടുന്നത്.

# ശ്രീനിവാസൻ വധക്കേസ്; മൂന്ന് പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് കൂടി ജാമ്യം

പാലക്കാട്: ആർഎസ്എസ് പ്രവർത്തകൻ ശ്രീനിവാസൻ വധ ഗൂഢാലോചനയിൽ പ്രതികളായ മൂന്ന് പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് കൂടി സുപ്രീം കോടതി ജാമ്യം അനുവദിച്ചു. പോപ്പുലർ ഫ്രണ്ട് ജനറൽ സെക്രട്ടറി അബ്ദുൾ സത്താർ, യഹിയകോയ തങ്ങൾ, സി. എ. റൗഫ് എന്നിവർക്കാണ് സുപ്രീം കോടതി ജാമ്യം അനുവദിച്ചത്. ഒരു ആശയത്തിൽ വിശ്വസിക്കുന്നു എന്നതുകൊണ്ട് മാത്രം ജയിലിലടയ്ക്കാനാവില്ലെന്ന് നിരീക്ഷിച്ചാണ് സുപ്രീം കോടതിയുടെ നടപടി. പ്രതികൾക്ക് കുറ്റകൃത്യവുമായി നേരിട്ട് ബന്ധമില്ലെന്നും ജസ്റ്റീസ് അഭയ് എസ്. ഓക, ഉജ്ജൽ ഭുയൻ എന്നിവർ ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു. നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ടിന്റെ നേതാക്കളാണ് പ്രതികളെന്നും തീവ്രവാദ ബന്ധമുള്ള കേസാണിതെന്നും ജാമ്യാപേക്ഷയെ എതിർത്ത് എൻഐഎ നിലപാടെടുത്തു. എൻഐഎയുടെ എതിർപ്പ് തള്ളിയാണ് സുപ്രീം കോടതി മൂന്ന് പ്രതികൾക്ക് ജാമ്യം നൽകിയത്. 2022 ഏപ്രിൽ 16നാണ് പാലക്കാട്ടെ ആർഎസ്എസ് നേതാവായ ശ്രീനിവാസൻ കൊല്ലപ്പെട്ടത്.

# സിസ തോമസിനോട് സർക്കാരിന് വിരോധമെന്തിനെന്ന് ഹൈക്കോടതി

കൊച്ചി: ഡിജിറ്റൽ സർവകലാശാല താൽക്കാലിക വിസി സിസ തോമസിനോട് സർക്കാരിന് വിരോധമെന്തിനെന്ന് ഹൈക്കോടതി. പെൻഷൻ അടക്കമുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാത്ത നടപടിയിലാണ് ഹൈക്കോടതിയുടെ ചോദ്യം. ഗവർണർ ഏൽപ്പിച്ച ജോലിയല്ലേ സിസ തോമസ് ചെയ്യുന്നതെന്നും ഹൈക്കോടതി ചോദിച്ചു.

വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാത്ത സർക്കാർ നടപടിക്കെതിരായ സിസയുടെ ഹർജി വ്യാഴാഴ്ച വീണ്ടും പരിഗണിക്കും.

സാങ്കേതിക സർവകലാശാല താത്കാലിക വൈസ് ചാൻസലറായി സിസാ തോമസ് ചുമതലയേറ്റത് ചട്ടങ്ങൾ ലംഘിച്ചെന്നായിരുന്നു സർക്കാർ വിലയിരുത്തൽ.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശിപാർശ മറികടന്നാണ് ഗവർണർ സ്വന്തം നിലയ്ക്ക് വൈസ് ചാൻസലർ സ്ഥാനം നൽകിയത്.